**പതിനാലാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 1254

02/05/2017 - ൽ മറുപടിക്ക്

## കുടുംബശ്രീ മുഖേന ബാലസഭകളെ ഊർജ്ജിതമാക്കാൻ പദ്ധതി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. എം.സ്വരാജ് | | ഡോ.കെ.ടി.ജലീൽ (തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ മന്ത്രി) |
| (എ) സംസ്ഥാനത്ത് കുടുംബശ്രീ മുഖേന ബാലസഭകളെ ഊർജ്ജിതമാക്കാൻ എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കി വരുന്നുവെന്ന് അറിയിക്കുമോ; | (എ) | ബാലപഞ്ചായത്ത് ഭാരവാഹികൾക്കും റിസോഴ്സ് പേഴ്സൺമാർക്കും പ്രത്യേക നേതൃത്വ പരിശീലനം, എല്ലാ ജില്ലയിലും ഒരു സി.ഡി.എസിൽ നിന്ന് 3 കുട്ടികളെ വീതം തെരഞ്ഞെടുത്ത് പരിശീലനം നൽകി പിയർ ഗ്രൂപ്പ് രൂപീകരിക്കൽ, പത്താംക്ലാസ് കഴിഞ്ഞ കുട്ടികൾക്കായി ജീവിതനൈപുണ്യ പരിശീലനം, വിവിധ വിഷയങ്ങളെ കേന്ദ്രീകരിച്ച് ബാലസഭകളിൽ കുട്ടികൾക്കായി വിവിധ പഠന പ്രവർത്തനങ്ങൾ എന്നിവ നടപ്പിലാക്കി വരുന്നു. |
| (ബി) ഇതിലൂടെ എന്തെല്ലാം നേട്ടം കൈവരിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്; | (ബി) | കുട്ടികളെ നേതൃത്വനിരയിലേക്ക് ഉയർത്തിക്കൊണ്ടു വരാനും അവർ നേരിടുന്ന പ്രശ്നങ്ങൾ പിയർ ഗ്രൂപ്പുമായി പങ്കുവയ്ക്കാനും അതിനെ പ്രതിരോധിക്കു വാനുള്ള മാർഗങ്ങൾ സ്വീകരിക്കാനുമാവും. കൂടാതെ വിവിധ വിഷയങ്ങളിൽ പഠനം നടത്തി പൊതുവേദിയിലേക്ക് കടന്നുവരുന്നതിനും അവരുടെ അവകാശങ്ങളെ ധ്വംസിക്കുന്ന ഘടകങ്ങൾ കണ്ടെത്തി പ്രതികരിക്കാനും അവർക്കാവും. |
| (സി) ഈ പദ്ധതികൾ വിപുലപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ; എങ്കിൽ അവയുടെ വിശദാംശം അറിയിക്കാമോ? | (സി) | ജില്ലകളിൽ ഒരു തദ്ദേശസ്വയംഭരണ പ്രദേശത്ത് കുറഞ്ഞത് 10 കുട്ടികളുടെ വീതം ടീം രൂപീകരിച്ച് അവർക്ക് വിവിധ പരിശീലനങ്ങൾ നൽകിയും, ബാലസഭ പ്രവർത്തനങ്ങൾക്കായി കൂടുതൽ റിസോഴ്സ് പേഴ്സൺമാരെ കൃത്യമായ പരിശീലനം നൽകി നിയമിച്ചും, കൗമാരക്കാരായ ആൺകുട്ടികൾക്കായി വിദ്യാഭ്യാസ പരിപാടികൾ സംഘടിപ്പിച്ചും, ഓരോ ജില്ലയിലും 250-300 കുട്ടികൾക്ക് തുടർച്ചയായ നൈപുണ്യ വികസന പരിപാടികൾ സംഘടിപ്പിച്ചും, ബ്ലോക്ക് തലത്തിൽ കുട്ടികൾക്ക് കൗൺസിലിംഗും മറ്റു പിന്തുണയും നൽകുന്ന തരത്തിൽ സംവിധാനം കൊണ്ടുവന്നും, വാർഡ്തലത്തിൽ കൃത്യമായും ബാലസഭാംഗങ്ങൾ ഒന്നിച്ചു ചേരുന്നതിനുള്ള വേദികൾ സൃഷ്ടിച്ചും പദ്ധതി വിപുലപ്പെടുത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ